സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 177 2024 ഒക്ടോബർ 30 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പൊതുപരിപാടികളിൽ നിന്ന് ബോധപൂർവം ഒഴിവാക്കുന്നു; സ്പീക്കർക്ക് അവകാശലംഘന പരാതിനൽകി ചാണ്ടി ഉമ്മൻ

കോട്ടയം: എം.എൽ.എയായ തന്നെ പൊതുപരിപാടികളിൽ നിന്ന് ഒഴിവാക്കുന്നുവെന്ന് കാണിച്ച് സ്പീക്കർക്ക് അവകാശലംഘന പരാതി നൽകി പുതുപ്പള്ളി എം.എൽ.എ. ചാണ്ടി ഉമ്മൻ. കഴിഞ്ഞദിവസം പാമ്പാടി ഉപജില്ലാ കലോത്സവത്തിന് എം.എൽ.എയെ സംഘാടകർ ക്ഷണിച്ചില്ല. മണ്ഡലത്തിലെ മറ്റു പരിപാടികളിലും അവഗണന നേരിട്ടു. സർക്കാർ പരിപാടികളിൽ നിന്ന് ബോധപൂർവ്വം തന്നെ ഒഴിവാക്കുന്നതായി ചാണ്ടി ഉമ്മൻ അവകാശലംഘന പരാതിയിൽ ആരോപിച്ചു. മുഖ്യമന്ത്രിക്കും ചാണ്ടി ഉമ്മൻ ഇത് സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ട്.

ദൗർഭാഗ്യകരമായ സംഭവങ്ങൾ നടക്കുന്നു; ജഗനുമായുള്ള സ്വത്ത് തർക്കത്തിൽ ശർമിളയെ പിന്തുണച്ച് അമ്മ

വിജയവാഡ: വൈഎസ് ആർ കോൺഗ്രസ് അധ്യക്ഷൻ വൈഎസ് ജഗൻ മോഹൻ റെഡ്ഡിയും സഹോദരിയും കോൺഗ്രസ് സംസ്ഥാന അധ്യക്ഷയുമായ വൈഎസ് ശർമിളയും തമ്മിലുള്ള കോടികളുടെ അനന്തരാവകാശത്തെച്ചൊല്ലി തർക്കം തുടരുന്നതിനിടെ തുറന്ന കത്തുമായി അവരുടെ അമ്മ വൈ.എസ്.വിജയമ്മ. ശർമിളയ്ക്ക് പിന്തുണ അർപ്പിച്ചുകൊണ്ടാണ് വിജയമ്മ മൂന്ന് പേജുള്ള തുറന്ന കത്തെഴുതിയിരിക്കുന്നത്. ന്യായമായത് ലഭിക്കാത്ത കുട്ടിക്ക് വേണ്ടി സംസാരിക്കുന്നത് തന്റെ ചുമതലയാണെന്ന് കത്തിൽ പറയുന്നു.

തന്റെ ഭർത്താവും ആന്ധ്രപ്രദേശ് മുൻ മുഖ്യമന്ത്രിയുമായ വൈ.എസ്.രാജശേഖര റെഡ്ഡി ജീവിച്ചിരിക്കുന്ന സമയത്ത് സ്വത്ത് വിഭജിച്ചിട്ടില്ല. സ്വത്തിൽ ചിലത് മക്കളുടെ പേരിലാക്കുക മാത്രമേ ചെയ്തിട്ടുള്ളൂവെന്നും വിജയമ്മ കത്തിൽ വ്യക്തമാക്കി.

ശർമിള കുടുംബ ബിസിനസിൽ ഇടപെട്ടിരുന്നില്ലെന്നും ജഗന്റെ നിർദേശമനുസരിച്ച് അവർ രാഷ്ട്രീയത്തിൽ നിസ്വാർഥയായി പ്രവർത്തിക്കുകയായിരുന്നുവെന്നും കത്തിലുണ്ട്.

ജഗനെ അധികാരത്തിലെത്തിക്കുന്നതിൽ ശർമിളയുടെ പ്രയത്നമുണ്ട്. അമ്മയെന്ന നിലയിൽ എല്ലാ കുട്ടികളും തുല്യരാണ്. ഒരു കുട്ടിയോട് അനീതി കാണിക്കുന്നത് വേദനാജനകമാണ്. ഒരു അമ്മയെന്ന നിലയിൽ, അന്യായമായി പെരുമാറിയ കുട്ടിക്ക് വേണ്ടി സംസാരിക്കേണ്ടത് എന്റെ കടമയാണ്. ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത് എനിക്ക് വളരെ വേദനാജനകമായതാണ്. എന്റെ ഭർത്താവ് രാജശേഖര റെഡ്ഡിയും ഞങ്ങളുടെ കുട്ടികളും വളരെ സന്തുഷ്ട കുടുംബമായിരുന്നു. എന്തുകൊണ്ടാണ് ഞങ്ങളുടെ കുടുംബം ഇത്തരം ബുദ്ധിമുട്ടുകൾ നേരിടുന്നതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. അത് തടയാൻ ഞാൻ ശ്രമിച്ചിട്ടും ദൗർഭാഗ്യകരമായ സംഭവങ്ങൾ എന്റെ കൺമുന്നിൽ അരങ്ങേറുകയാണ്' വിജയമ്മ കത്തിൽ വ്യക്തമാക്കി.

ജഗന്റെ പാർട്ടിയിലെ പ്രമുഖ നേതാക്കളായ വൈ.വി.സുബ്ബ റെഡ്ഡിക്കെതിരെയും വി.വിജയ സായ് റെഡ്ഡിക്കെതിരെയും വിജയമ്മ ഗുരുതര ആരോപണം ഉന്നയിച്ചു. ഇരുവരുമാണ് വൈ.എസ്.രാജശേഖര റെഡ്ഡിയുടെ പേര് കളങ്കപ്പെടുത്തുന്നതിന് പിന്നിലെന്നും വിജയമ്മ പറഞ്ഞു.

തന്റെ സഹോദരിയെ പരിപാലിക്കുമെന്ന് ജഗൻ തന്റെ പിതാവിന് വാക്ക് പോലും നൽകിയിരുന്നതായി വിജയമ്മയുടെ കത്തിൽ പറയുന്നു. തന്റെ രണ്ട് മക്കളെ തുല്യമായി പരിഗണിച്ചിരുന്ന വൈഎസ്ആർ സ്വത്ത് അവരുടെ നാല് പേരക്കുട്ടികൾക്കും തുല്യമായി പങ്കിടണമെന്ന് ആഗ്രഹിച്ചിരുന്നതായും വ്യക്തമാക്കി.

തനിക്ക് രണ്ട് കുട്ടികളും തുല്യരാണ്. ബിസിനസ് മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്തം മകൻ ഏറ്റെടുത്തു. ശർമിള ഒരിക്കലും ബിസിനസിൽ ഏർപ്പെട്ടിട്ടില്ല. ജഗന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി അവർ രാഷ്ട്രീയത്തിൽ നിസ്വാർത്ഥമായി പ്രവർത്തിച്ചു. വൈഎസ്ആറിന്റെ വിയോഗത്തിന് ശേഷം 10 വർഷമായി എല്ലാവരും ഒരുമിച്ചാണ് ജീവിച്ചിരുന്നത്. 2019 ൽ, ജഗൻ മുഖ്യമന്ത്രിയായി രണ്ട് മാസത്തിന് ശേഷം, ഇസ്രായേൽ സന്ദർശന വേളയിൽ, തന്റെയും ശർമിളയുടെയും മക്കൾ വളർന്നുവരുന്നതിനാൽ, ഭാവിയിൽ എന്ത് സംഭവിക്കുമെന്ന് ആർക്കും ഉറപ്പില്ലെന്നുപറഞ്ഞ് സ്വത്ത് വിഭജനം നിർദ്ദേശിച്ചു.

അപ്പോഴാണ് പിരിയാനുള്ള തീരുമാനമെടുത്തത്. പിന്നീട് വിജയവാഡയിൽ എന്റെ സാന്നിധ്യത്തിൽ അവർ ചർച്ച ചെയ്യുകയും ധാരണാപത്രം ഒപ്പിടുകയും ചെയ്തു. ജഗൻ പറഞ്ഞതും ധാരണാപത്രത്തിൽ ഉണ്ടായിരുന്നതും ഒന്നുതന്നെ. ഇഡി കണ്ടുകെട്ടാത്ത സരസ്വതി പവർ ഷെയറുകളുടെ 100 ശതമാനവും യെലഹങ്കയിലെ സ്വത്തിന്റെ 100 ശതമാനവും ശർമിളയ്ക്ക് നൽകുമെന്നും കേസുകൾ തീർപ്പാക്കിയ ശേഷം ഭാരതി സിമന്റ്സ്, സാക്ഷി മീഡിയ, വൈഎസ്ആർ ഹൗസ് എന്നിവയിലെ അവളുടെ വിഹിതം നൽകുമെന്നും ജഗൻ പറഞ്ഞിരുന്നു' വിജയമ്മ കത്തിൽ വിശദീകരിച്ചു.

ധാരണാപത്രത്തിൽ പറഞ്ഞിരിക്കുന്ന ശർമിളയ്ക്ക് നൽകാനുള്ള സ്വത്തുക്കൾ ജഗന്റെ സമ്മാനങ്ങളല്ല, മറിച്ച് അദ്ദേഹത്തിന്റെ ഉത്തരവാദിത്തമാണ്.

പലരും പ്രചരിപ്പിക്കുന്ന അസത്യങ്ങൾക്കിടയിൽ സത്യം വ്യക്തമാക്കുന്നതിന് വേണ്ടിയാണ് തനിക്ക് സംസാരിക്കേണ്ടി വന്നത്. സത്യം ഇതാണ്. അവർ സഹോദരങ്ങളാണ്. ഇത് അവരുടെ പ്രശ്നമാണ് അവർ അത് പരിഹരിക്കുമെന്നും വിജയമ്മ കൂട്ടിച്ചേർത്തു.

നടൻ ദർശന് ആറുമാസത്തേക്ക് ഇടക്കാല ജാമ്യം

ബെംഗളൂരു: ആരാധകനെ കൊലപ്പെടുത്തിയ കേസിൽ ജയിലിൽ കഴിയുന്ന നടൻ ദർശന് ഇടക്കാലജാമ്യം അനുവദിച്ച് കർണാടക ഹൈക്കോടതി. ചികിത്സയ്ക്കായി ആറുമാസത്തേക്കാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. സാമൂഹികമാധ്യമങ്ങളിലൂടെ ദർശന്റെ സുഹൃത്തായ പവിത്ര ഗൗഡയ്ക്ക് മോശം സന്ദേശങ്ങൾ അയച്ചു എന്നാരോപിച്ച് ആരാധകനായ രേണുക സ്വാമിയെ നടൻ ക്രൂരമായി കൊലപ്പെടുത്തി എന്നാണ് കേസ്.

ഇരുകാലികളിലും മരവിപ്പ് അനുഭവപ്പെടുന്നുണ്ടെന്നും ഇതിന് പരിഹാരമായി ഓപ്പറേഷൻ നടത്തേണ്ടതുണ്ടെന്നും കാണിച്ചാണ് 47 കാരനായ ദർശൻ ജാമ്യാപേക്ഷയുമായി കോടതിയെ സമീപിച്ചത്. ഏഴു ദിവസത്തിനുള്ളിൽ ചികിത്സയുമായി ബന്ധപ്പെട്ട രേഖകളും പാസ്പോർട്ടും സമർപ്പിക്കണം എന്ന വ്യവസ്ഥയിലാണ് ജസ്റ്റിസ് എസ്. വിശ്വജിത് ഷെട്ടി ദർശന് ജാമ്യം അനുവദിച്ചത്.

മൈസൂരുവിലെ സ്വകാര്യ ആശുപത്രിയിലാണ് ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തിട്ടുള്ളത് എന്നാണ് ദർശന്റെ അഭിഭാഷകൻ ചൊവ്വാഴ്ച കോടതിയിൽ സമർപ്പിച്ച രേഖകളിൽ പറയുന്നത്. അതേ സമയം, എത്ര ദിവസത്തേക്കാണ് ചികിത്സയിൽ കഴിയേണ്ടി വരിക എന്നത് ജാമ്യാപേക്ഷയിൽ പറയുന്നില്ലെന്നും ഓപ്പറേഷൻ സർക്കാർ ആശുപത്രിയിലേക്ക് മാറ്റണമെന്നും എതിർഭാഗം വാദിച്ചു.

മോമോസ് കഴിച്ച 33കാരി മരിച്ചു; 15 പേർ ആശുപത്രിയിൽ

ഹൈദരാബാദ്: മോമോസ് കഴിച്ചതിന് പിന്നാലെ ഭക്ഷ്യവിഷബാധയേറ്റ് യുവതി മരിച്ചു. രേഷ്മ ബീഗം (33) ആണ് മരിച്ചത്. തെലങ്കാനയുടെ തലസ്ഥാനമായ ഹൈദരാബാദിലാണ് സംഭവം. ഇതേ കടയിൽ നിന്ന് മോമോസ് കഴിച്ച രേഷ്മയുടെ രണ്ട് കുട്ടികൾ ഉൾപ്പെടെ 15 പേർ ചികിത്സയിലാണ്.

ബൻജാര ഹിൽസിന് സമീപമുള്ള നന്ദി നഗറിലെ തെരുവുകച്ചവടക്കാരനിൽ നിന്നാണ് രേഷ്മയും കുട്ടികളും മോമോസ് വാങ്ങിക്കഴിച്ചത്. കഴിച്ചതിന് ശേഷം രേഷ്മയ്ക്ക് ഛർദ്ദിയും വയറിളക്കവും വയറുവേദനയും ഉണ്ടായി. ആരോഗ്യനില വഷളായതോടെ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോഴാണ് മരണം സംഭവിച്ചത്. ഇവരുടെ കുട്ടികൾ ചികിത്സയിലാണ്.

രേഷ്മയുടെ ബന്ധുക്കളുടെ പരാതിയെ തുടർന്ന് ബൻജാര ഹിൽസ് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. 15 പേർക്കാണ് ഭക്ഷ്യവിഷബാധയേറ്റതെന്നാണ് പോലീസ് പറഞ്ഞതെങ്കിലും മോമോസ് കഴിച്ച 60-ഓളം പേർക്ക് ഭക്ഷ്യവിഷബാധയേറ്റതായാണ് പ്രദേശവാസികൾ പറയുന്നത്.

കടയുടമയെ നാട്ടുകാർ പിടികൂടി പോലീസിന് കൈമാറി. ഭക്ഷ്യസുരക്ഷാ ലൈസൻസ് ഇല്ലാതെയാണ് ഇയാൾ കട നടത്തിയത് എന്ന് അന്വേഷണത്തിൽ കണ്ടെത്തി. കടയിൽ നിന്നുള്ള ഫുഡ് സാമ്പിളുകൾ വിശദമായ പരിശോധനയ്ക്കായി ലബോറട്ടറിയിലേക്ക് അയച്ചിട്ടുണ്ട്.

സ്വർണവില കുതിക്കുന്നു

തൃശൂർ: സംസ്ഥാനത്ത് സ്വർണവില കുതിക്കുന്നു. സ്വർണം ഗ്രാമിന് ഇന്ന് 65രൂപയും പവന് 520രൂപയും വർധിച്ചു. പവന് 59,520 രൂപയാണ് ഇന്നത്തെ വിപണി വില.

ആണവായുധ പരീക്ഷണം നടത്തി റഷ്യ

പ്രതിസന്ധിഘട്ടം, എന്തിനും തയ്യാറെടുക്കണമെന്ന് സൈന്യം

മോസ്കോ: യുക്രൈനുമായുള്ള യുദ്ധം നിർണായകഘട്ടത്തിലേക്കടുക്കുന്ന സമയത്ത് ആണവമിസൈലുകൾ പരീക്ഷിച്ച് റഷ്യ. ഇന്റർ കോണ്ടിനെന്റൽ ബാലിസ്റ്റിക് മിസൈലുകളാണ് റഷ്യ പരീക്ഷിച്ചത്. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലായിരുന്നു ആണവമിസൈലുകളുടെ പരീക്ഷണം. നിരവധി തവണ പരീക്ഷണം നടത്തിയതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

ആണവായുധ നിയന്ത്രണ നിയമങ്ങളുമായി ബന്ധപ്പെട്ടവയിൽ മാറ്റം വരുത്തേണ്ടതുണ്ട് എന്ന് പുടിൻ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഇപ്പോൾ റഷ്യ ആണവായുധ പരീക്ഷണം നടത്തി എന്ന കാര്യം സ്ഥിരീകരിച്ചിരിക്കുന്നത്.

യുക്രൈനുമായുള്ള യുദ്ധത്തിനിടെ ആണവായുധം പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട സൂചനകൾ പുടിൻ നേരത്തെ തന്നെ നൽകിയിരുന്നതായി എ.എഫ്.പി. അടക്കം റിപ്പോർട്ട് ചെയ്തിരുന്നു.

'ഏറ്റവും പ്രതിസന്ധിനിറഞ്ഞഘട്ടം' എന്നാണ് മോസ്കോയിലെ മുതിർന്ന ഉദ്യോഗസ്ഥൻ ആണവായുധ പരീക്ഷണവുമായി ബന്ധപ്പെട്ട് പ്രതികരിച്ചത്. യുദ്ധത്തിൽ നാറ്റോ സഖ്യം ദീർഘദൂര ക്രൂസ് മിസൈലുകൾ ഉപയോഗിക്കാൻ യുക്രൈനൊപ്പം ഒരുങ്ങുന്നുവെന്ന വിവരങ്ങൾക്ക് പിന്നാലെയാണ് റഷ്യ ആണവായുധവുമായി രംഗത്തെത്തിയിരിക്കുന്നതെന്നാണ് വിവരം.

ആണവായുധം ഉപയോഗിക്കുക എന്നത് അസാധാരണമായ ഒന്നാണ്, എന്നിരുന്നാലും അവ തയ്യാറാക്കി വെക്കേണ്ടതുണ്ടെന്ന് പുടിൻ പറഞ്ഞു. തങ്ങൾ പുതിയൊരു ആയുധ മത്സരത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞ പുടിൻ, എന്തിനും തയ്യാറായി നിൽക്കേണ്ടതുണ്ടെന്നും കൂട്ടിച്ചേർത്തു.

നിഷാദ് യൂസഫ് മരിച്ച നിലയിൽ

കൊച്ചി: മലയാള സിനിമ എഡിറ്റർ നിഷാദ് യൂസഫ് മരിച്ച നിലയിൽ. കൊച്ചി പനമ്പിള്ളി നഗറിലെ ഫ്ളാറ്റിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. മികച്ച എഡിറ്റർക്കുള്ള സംസ്ഥാന പുരസ്കാരം നേടിയിട്ടുണ്ട്. തല്ലുമാല, ചാവേർ, ഉണ്ട, സൗദി വെള്ളക്ക, വൺ, ഓപ്പറേഷൻ ജാവ, ബസൂക്ക തുടങ്ങിയവ പ്രധാന ചിത്രങ്ങളാണ്.

പ്രൊഫ മാമ്പുഴ കുമാരൻ അന്തരിച്ചു



ഇരിങ്ങാലക്കുട : അരനൂറ്റാണ്ടോളം മലയാള നിരൂപണശാഖയിൽ നിറഞ്ഞ് നിന്ന ഇരിങ്ങാലക്കുട എംജി റോഡിൽ വരദ വീട്ടിൽ പ്രൊഫ മാമ്പുഴ കുമാരൻ വിട വാങ്ങി. 91 വയസ്സായിരുന്നു.

1961 മുതൽ 1988 വരെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ മലയാള വിഭാഗം അധ്യാപകനായി പ്രവർത്തിച്ച പ്രൊഫ മാമ്പുഴ കുമാരൻ 1988 ൽ പാലക്കാട് വിക്ടോറിയ കോളേജിൽ നിന്നാണ് വിരമിച്ചത്. വളരെക്കാലം മാതൃഭൂമി വാരികയിൽ ഗ്രന്ഥ നിരൂപകനായിരുന്നു. വിവിധ ആനുകാലികങ്ങളിൽ കവിത, ലേഖനം, ഹാസ്യകവിത, ഹാസ്യലേഖനങ്ങൾ എന്നിവ തൂലികാനാമങ്ങളിൽ പ്രസിദ്ധപ്പെടുത്തി. സർഗ്ഗദർശനം, അനുമാനം, മോളിയേയിൽ നിന്ന് ഇബ്സനിലേക്ക്, വാക്കും പൊരുളും, സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ, ഉൾക്കാഴ്ചകൾ, സംസ്കാരത്തിന്റെ അടയാളങ്ങൾ, നാടകദർശനം, 2024 ൽ പ്രസിദ്ധീകരിച്ച സ്മൃതി മുദ്രകൾ എന്നിവയാണ് പ്രധാന കൃതികൾ.

1956 ൽ സമസ്ത കേരള സാഹിത്യ പരിഷത്ത് കോളേജ് വിദ്യാർഥികൾക്കായി നടത്തിയ പ്രസംഗമൽസരത്തിൽ ഒന്നാം സമ്മാനം നേടി. 2021 ൽ കേരള സാഹിത്യ അക്കാദമിയുടെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം നേടി.

റിട്ട പ്രധാന അധ്യാപിക പരേതയായ പി വി രുഗ്മിണിയാണ് ഭാര്യ. മിനി ടീച്ചർ (റിട്ട അധ്യാപിക, കാറളം വിഎച്ച്എസ്എസ്), ജയകുമാർ (മുംബൈ), അഡ്വ ഗോപകുമാർ എന്നിവർ മക്കളും അഡ്വ ശശികുമാർ, സ്മിത (മുംബൈ), സ്മിത (അധ്യാപിക, ശാന്തിനികേതൻ സ്കൂൾ) എന്നിവർ മരുമക്കളുമാണ്. സംസ്കാരം നാളെ 11 ന് സ്വവസതിയിൽ.

'തെറ്റ് പറ്റിയെന്ന് നവീൻ ബാബു പറഞ്ഞതായി കളക്ടറുടെ മൊഴിയിലുണ്ട്'; പുതിയ വാദവുമായി പി പി ദിവ്യ

കണ്ണൂർ: തെറ്റ് പറ്റിയെന്ന് എഡിഎം നവീൻ ബാബു പറഞ്ഞതായി കളക്ടർ അരുൺ കെ വിജയന്റെ മൊഴിയിലുണ്ടെന്ന് പുതിയ വാദവുമായി പി പി ദിവ്യയുടെ ജാമ്യഹർജി. എന്താണ് തെറ്റെന്ന് അന്വേഷണ സംഘം ചോദിക്കാത്തതെന്തുകൊണ്ടാണ്? പ്രശാന്തിനെ സസ്പെൻഡ് ചെയ്തുള്ള സർക്കാർ ഉത്തരവ് കൈക്കൂലി ആരോപണം ശരി വയ്ക്കുന്നതാണെന്നും ദിവ്യ ഹർജിയിൽ വാദിക്കുന്നു.

പ്രശാന്തിന്റെ മൊഴി കോടതിയിൽ പരാമർശിക്കാത്തത് എന്തുകൊണ്ടാണ്. ഇതിന് പിന്നിൽ ആസൂത്രിത നീക്കമുണ്ടെന്നും ദിവ്യ ആരോപിക്കുന്നു. എഡിഎമ്മിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ റിമാന്റിലുള്ള ദിവ്യ ജാമ്യാപേക്ഷയുമായി ഇന്ന് തലശ്ശേരി കോടതിയെ സമീപിക്കും.

യാത്രയയപ്പ് യോഗത്തിൽ പറഞ്ഞത് അഴിമതിക്കെതിരെയാണെന്നാണ് ദിവ്യ അന്വേഷണ സംഘത്തിന് നൽകിയ മൊഴി. എഡിഎമ്മിന് മനോവേദന യുണ്ടാക്കാൻ ഉദ്ദേശിച്ചില്ല. ഉദ്യോഗസ്ഥ അഴിമതി തുറന്നുകാട്ടാനാണ് ശ്രമിച്ചത്. യാത്രയയപ്പ് യോഗം അറിഞ്ഞത് കളക്ടർ പറഞ്ഞിട്ടാണ്. യോഗത്തിൽ പങ്കെടുക്കാൻ കളക്ടർ വിളിച്ചെന്നും ദിവ്യ അന്വേഷണ സംഘത്തിന് മൊഴി നൽകി. എന്നാൽ കൈക്കൂലി ആരോപണത്തെക്കുറിച്ച് ദിവ്യ അന്വേഷണ സംഘത്തിന് വ്യക്തമായ മറുപടി നൽകിയില്ലെന്നാണ് വിവരം.

യാത്രയയപ്പ് ചടങ്ങിനുശേഷം നവീൻ ബാബു തന്നെ കണ്ടെന്നും തെറ്റ് പറ്റിയെന്ന് പറഞ്ഞെന്നുമുള്ള മൊഴി കളക്ടർ തള്ളിയിരുന്നില്ല. കൂടുതൽ കാര്യങ്ങൾ പറയുന്നതിന് പരിമിധിയുണ്ടെന്നും ഇനിയും വിവരങ്ങൾ പുറത്തുവരാനുണ്ടെന്നും കളക്ടർ മാദ്ധ്യമങ്ങളോട് പറഞ്ഞു. കോടതി വിധിയിൽ വന്ന മൊഴി നിഷേധിക്കുന്നില്ല. ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർക്ക് നൽകിയ മൊഴിയും സമാനമാണ്. കുടുംബത്തിന്റെ ആരോപണങ്ങളും അന്വേഷിക്കട്ടെയെന്ന് കളക്ടർ അരുൺ കെ വിജയൻ കൂട്ടിച്ചേർത്തു.

കള്ളനോട്ടുകേസിൽ അറസ്റ്റ്; യുവാവ് നിരപരാധിയെന്ന് കുടുംബം

ആലുവ: ചെങ്ങമനാട് കള്ളനോട്ടുക്കേസിൽ അറസ്റ്റിലായ യുവാവ് നിരപരാധിയെന്ന് കുടുംബവും നാട്ടുകാരും. ബുദ്ധിവൈകല്യമുള്ള യുവാവിനെ കേസിൽ കുടുക്കിയതാണെന്നും അറസ്റ്റിന് പോലീസ് അനാവശ്യ തിടുക്കം കാട്ടിയെന്നും ആരോപണം. വഴിയരികിൽ നിന്ന് ലഭിച്ച നോട്ടുകളാണ് വ്യാജനെന്ന് അറിയാതെ യുവാവ് ബാങ്കിലെത്തിച്ചതെന്നാണ് സൂചന.

കുന്നുകര സഹകരണബാങ്കിൽ ഏഴായിരത്തി അഞ്ഞൂറ് രൂപ നിക്ഷേപിച്ച ലോട്ടറി വിൽപനക്കാരൻ ശ്രീകാന്തിനെയാണ് ചെങ്ങമനാട് പോലീസ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്. ശ്രീകാന്ത് എത്തിച്ചത് അഞ്ഞൂറ് രൂപയുടെ പതിനഞ്ച് കള്ളനോട്ടുകളാണെന്ന് കണ്ടെത്തിയതോടെയായിരുന്നു പോലീസ് നീക്കം. ജയിലിൽ കഴിയുന്ന ശ്രീകാന്ത് നിരപരാധിയെന്ന് വീട്ടുകാരും നാട്ടുകാരും ഒരു പോലെ പറയുന്നു.

ഒരു മാസം മുൻപ് രണ്ടായിരം രൂപ സമ്മാനം ലഭിച്ച രണ്ട് ലോട്ടറി ടിക്കറ്റുകൾ ഇപ്പോളും മാറാതെ ശ്രീകാന്തിന്റെ ബാഗിലുണ്ട്. ശ്രീകാന്ത് അറസ്റ്റിലായതിന് ശേഷവും പ്രദേശത്ത് ഉപേക്ഷിച്ച കള്ളനോട്ടുകൾ കണ്ടെത്തി..

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 1521/2023

ജിഷ

-ഹരജിക്കാരി

സജിത്ത് സി എസ് S/o. ശശി സി എ., ചോഴിയാട്ടിൽ ഹൗസ്, L.F. കോളേജിന് പിൻവശം, ഗുരുവായൂർ, ചാവക്കാട് താലൂക്ക്

- എതൃകക്ഷി

പത്രപരസ്യം

എതൃകക്ഷിയിൽ നിന്നും ഹരജിക്കാരിയുടെ സ്വർണ്ണാഭരണങ്ങളും പണവും തിരികെ ലഭിക്കുന്നതിനു വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹരജിയിൽ എതിർകക്ഷിക്കുള്ള കോടതി കല്പന അയപ്പാൻ മേൽ നമ്പർ കേസ് **14-11-2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് ബഹു കോടതി മുമ്പാകെ നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-10-2024

ഹരജിഭാഗം അഡ്വക്കെറ്റ്

കെ അരുൺകുമാർ കൈമൾ

(ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

IA: 4/2024

OS: 9/2022

ശാന്തമ്മ രാജൻ etc

-വാദികൾ/ഹരജിക്കാർ

വിജയൻ, S/o. സരോജിനി, തൃത്താണി ഹൗസ്, പൊറത്തിശ്ശേരി പി ഒ., മുകുന്ദപുരം താലൂക്ക്, പൊറത്തിശ്ശേരി വില്ലേജ്

-5-ാം പ്രതി/

5-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ 5-ാം പ്രതി/5-ാം എതൃകക്ഷിക്കെതിരെ കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **07-11-2024** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം കേസ് നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 04-10-2024

വാദിഭാഗം അഡ്വക്കെറ്റ്

പ്രീതി ആർ നായർ

(ഒപ്പ്)

സുഷിൻ ശ്യാം വിവാഹിതനായി; ആശംസ അറിയിച്ച് ആരാധകർ

കൊച്ചി: സംഗീത സംവിധായകൻ സുഷിൻ ശ്യാം വിവാഹിതനായി. ഉത്തരയാണ് വധു. അടുത്ത സുഹൃത്തുക്കളും ബന്ധുക്കളും മാത്രം പങ്കെടുത്ത ചടങ്ങിന് ഫഹദ് ഫാസിലും ഭാര്യ നസ്രിയയും എത്തിയിരുന്നു. നടൻ ജയറാം, കാളിദാസ്, പാർവതി, ശ്യാം പുഷ്കരൻ, ഉണ്ണിമായ, ദീപക് ദേവ് എന്നിവരും വിവാഹത്തിൽ പങ്കെടുത്തു. ചിത്രങ്ങൾ പുറത്തുവന്നതോടെ നിരവധി ആരാധകരാണ് വധൂവരന്മാർക്ക് ആശംസനേർന്നെത്തിയത്. നേരത്തെ, ജയറാമിന്റെ മകൾ മാളവികയുടെ വിവാഹത്തിന് സുഷിൻ തന്റെ പങ്കാളിയെ പരിചയപ്പെടുത്തിയിരുന്നു.

അമൽ നീരദ് സംവിധാനം ചെയ്ത ബോഗയ്ൻവില്ലയാണ് സുഷിൻ അവസാനം സംഗീതം ചെയ്ത ചിത്രം. ഈ ചിത്രത്തിന് ശേഷം ചെറിയ ഇടവേള എടുക്കുന്നതായി സുഷിൻ അറിയിച്ചിരുന്നു. 2024ൽ സുഷിൻ ശ്യാം സംഗീതം പകർന്ന മഞ്ഞുമ്മൽ ബോയ്സ്, ആവേശം, ഉള്ളൊഴുക്ക് എന്നീ ചിത്രങ്ങൾ മികച്ച പ്രേക്ഷക അഭിപ്രായവും വിജയവും നേടിയിരുന്നു.

കേരള ഹൈക്കോടതിയിൽ 5 പുതിയ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്തു

പി കൃഷ്ണകുമാർ | കെ വി ജയകുമാർ | എസ് മുരളീകൃഷ്ണ | ജോബിൻ സെബാസ്റ്റ്യൻ | പി വി ബാലകൃഷ്ണൻ

കൊച്ചി: കേരള ഹൈക്കോടതിയിൽ 5 പുതിയ ജഡ്ജിമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ജുഡീഷ്യൽ ഓഫീസർമാരായ പി കൃഷ്ണകുമാർ, കെ വി ജയകുമാർ, എസ് മുരളീകൃഷ്ണ, ജോബിൻ സെബാസ്റ്റ്യൻ, പി വി ബാലകൃഷ്ണൻ എന്നിവരാണ് അഡീഷ്ണൽ ജഡ്ജിമാരായത്. നിയമനത്തിന് അംഗീകാരം നൽകി രാഷ്ട്രപതി ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്നാണ് ഇന്ന് സത്യപ്രതിജ്ഞ നടന്നത്. ഇതോടെ ഹൈക്കോടതിയിൽ ജഡ്ജിമാരുടെ എണ്ണം 45 ആകും. ആകെ 47 ജഡ്ജിമാരെയാണ് വേണ്ടത്.

* **പി കൃഷ്ണകുമാർ**: നിലവിൽ ഹൈക്കോടതി രജിസ്ട്രാർ ജനറൽ. ആലപ്പുഴ വണ്ടാനം പുത്തൻവീട്ടിൽ പരേതനായ ജി പരമേശ്വരപണിക്കരുട

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

റവ. ജോർജ് മാത്യു കേരള സിറ്റിസൺ ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി

തൃശൂർ: ഇമ്മാനുവേൽ ബാപ്റ്റിസ്റ്റ് സഭാ വൈദികനായ റവ. ജോർജ് മാത്യുവിനെ കേരള സിറ്റിസൺ ഫോറം സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. മൂന്നു ദശാബ്ദത്തോളം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യ സേവന രംഗത്തും ആതുര ശുശ്രൂഷ രംഗത്തും റവ. ജോർജ് മാത്യു സേവനം നടത്തിയിട്ടുണ്ട്. കഴിഞ്ഞ വേർഷമായി റവ. ജോർജ് മാത്യുവിന്റെ പ്രവർത്തന മേഖല കേരളമാണ്.

പ്രകൃതി ജീവനത്തിന്റെ പ്രചരണം, ആദ്ധ്യാത്മിക പ്രഭാഷണം, പൗരവകാശ പ്രവത്തനം, മനുഷ്യപക്ഷ പ്രകൃതി സംരക്ഷണം, ജീവകാരുണ്യ പ്രവർത്തനം എന്നീ രംഗങ്ങളിൽ റവ. ജോർജ് മാത്യു സജീവമാണ്. നവ മാധ്യമങ്ങളിലും റവ. ജോർജ് മാത്യു ഉത്തരവാദിത്വത്തോടെ ഇടപെടുന്നുണ്ട്.

വിയ്യൂർ സെൻട്രൽ പ്രസണിൽ ആധാർ രജിസ്ട്രേഷൻ മേള സംഘടിപ്പിച്ചു

തൃശ്ശൂർ: തൃശ്ശൂർ ജില്ലാ നിയമ സേവന അതോറിറ്റി വിയ്യൂർ സെൻട്രൽ പ്രിസണിൽ ആധാർ മേള നടത്തി. ജയിൽ സുപ്രണ്ട് അനിൽകുമാറിന്റെ അധ്യക്ഷതയിൽ ജില്ലാ നിയമ സേവന അതോറിറ്റി സെക്രട്ടറിയും സീനിയർ സിവിൽ ജഡ്ജുമായ സരിത രവീന്ദ്രൻ ചടങ്ങ് ഉദ്ഘാടനം നിർവഹിക്കുകയും ജോയിന്റ് സുപ്രണ്ട് എം എം ഹാരീസ് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

സിനീയർ സിവിൽ ജഡ്ജിന്റെ ജയിൽ സന്ദർശന വേളയിൽ ജയിൽ അന്തേവാസികളായ 66 പേർക്ക് ആധാറില്ലയെന്നുള്ളതും, 101 പേർക്ക് ആധാർ നഷ്ടപ്പെട്ടെന്നുള്ളതും ശ്രദ്ധയിൽ പെട്ടതിന്റെ ഭാഗമായാണ് ആധാർ അദാലത്ത് സംഘടിപ്പിച്ചത്.

തൃശ്ശൂർ ജില്ലാ അക്ഷയ കോർഡിനേറ്റർ ശ്രീശോഭ് യു എസിന്റെ ചുമതലയിൽ തിരൂർ, മുളങ്കുന്നത്തുകാവ്, മുണ്ടൂർ, കൈപ്പറമ്പ്, അക്ഷയ കേന്ദ്രങ്ങൾ ഈ ഉദ്യമത്തിൽ പങ്കാളികളായി. ആധാർ ഇല്ലാത്തവർക്ക് പുതിയതായി ആധാർ രജിസ്ട്രേഷൻ എടുത്തു നൽകുകയും ആധാർ കാർഡ് നഷ്ടപ്പെട്ടവർക്ക് അവയുടെ പകർപ്പ് ലഭിക്കുന്നതിനും ആധാറിൽ അപ്ഡേഷൻ നടത്തുന്നതിനും അന്തേവാസികൾക്ക് ഈ അദാലത്ത് ഉപകരിച്ചു. പ്രിസൺ വെൽഫെയർ ഓഫീസർ ബേസിൽ ഏലിയാസ് ചടങ്ങിൽ നന്ദി പറഞ്ഞു. രണ്ടാംഘട്ട ആധാർ മേള ജയിൽ അന്തേവാസികൾക്കായി ഉടൻ തന്നെ നടത്തുന്നതാണെന്ന് അക്ഷയ കോഡിനേറ്റർ ഉറപ്പ് നൽകി. പാരാലീഗൽ വളന്റിയർ റബീന, അക്ഷയ കേന്ദ്രം ജീവനക്കാരായ കൊച്ചുത്രേസ്യ, ദീപാ ഗ്ലിന്റോ എന്നിവർ ആധാർ മേളയുടെ ഭാഗമായി പ്രവർത്തിച്ചു.

അന്നനാട് യൂണിയൻ ഹയർ സെക്കൻഡറി സ്കൂളിൽ ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി അശോക മരം പ്രിൻസിപ്പാൾ ഐ. ജയ മേജർ പി.ജെ സ്റ്റൈജു എന്നിവർ ചേർന്ന് വിദ്യാർത്ഥികൾക്ക് കൈമാറുന്നു.

ആയുർവേദ സംരക്ഷണത്തിന് പ്രകൃതി ബോധം ഉണ്ടാകണം

തൃശൂർ: ആയുർവേദ സംരക്ഷണത്തിന് പ്രകൃതി ബോധം ഉണ്ടാകണം. അന്നനാട് യൂണിയൻ ഹയർ സെക്കൻഡറി സ്കൂളിൽ ആയുർവേദ ദിനത്തോടനുബന്ധിച്ച് എൻഎസ്എസിന്റെ ആഭിമുഖ്യത്തിൽ സെമിനാറും സംവാദവും വൃക്ഷത്തൈ നടലും സംഘടിപ്പിച്ചു. ആയുർവേദം എന്നത് കേവലം ഒരു ആയുസ്സിന്റെ വേദം മാത്രമല്ലെന്നും അത് സംരക്ഷിക്കപ്പെടുമ്പോൾ പ്രകൃതി കൂടിയാണ് സംരക്ഷിക്കപ്പെടുന്നത് എന്ന് 24 കേരള ബറ്റാലിയൻ അസോസിയേറ്റ് ഡ് എൻ.സി.സി ഓഫീസർ മേജർ പിജെ സ്റ്റൈജു സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തിക്കൊണ്ട് അഭിപ്രായപ്പെട്ടു.

സ്കൂൾ പ്രിൻസിപ്പൽ ഐ.ജയ സെമിനാർ ഉദ്ഘാടനം ചെയ്തു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ പ്രിയലക്ഷ്മി, മാഗി മാണി തുടങ്ങിയവർ ആയുർവേദ ദിനസന്ദേശം നൽകി. ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി സെമിനാറും , പ്രതിജ്ഞയും , വിദ്യാലയ പരിസരത്ത് അശോകതൈ നടുകയും ചെയ്തു. വിദ്യാർത്ഥികൾ തങ്ങളുടെ നക്ഷത്രത്തിന് ചേർന്ന വൃക്ഷത്തെ പരിചയപ്പെടുകയും അത് പരിപാലിക്കുകയും ചെയ്യുമെന്ന് പ്രതിജ്ഞയെടുത്തു.

78 തവണ രക്തം ദാനം ചെയ്ത് മാതൃകയായ മേജർ പി.ജെ. സ്റ്റൈജുവിനെ പൊന്നാടയണിയിച്ച് ആദരിച്ചു. ആയുർവേദ ദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഔഷധ ചെടികളെ കുറിച്ചുള്ള പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തു. പരിപാടികൾക്ക് അലീന പോൾസൺ, ഫെൻസി ആന്റോ, ആഷ്ബൽ ജോർജ് നേതൃത്വം നല്കി

മീഡിയേഷൻ സെന്റർ ഉദ്ഘാടനം നവംബർ 1 ന്

കുന്നംകുളം : കോടതിയിൽ നിലവിലുള്ള കേസുകൾ സംസാരിച്ച് ഒത്തുതീർപ്പാക്കുന്നതിനുള്ള സർക്കാർ സംവിധാനമാണ് മീഡിയേഷൻ സെന്ററുകൾ. ഒത്തു തീരാൻ സാധ്യതയുള്ള കേസുകൾ ജഡ്ജിമാർ കോടതിയിൽ നിന്നും മീഡിയേഷൻ സെന്ററിലേക്ക് അയക്കുന്നു. ഇതു മൂലം കോടതിയിൽ കേസുകളുടെ എണ്ണം കുറയുകയും പൊതുജനങ്ങൾക്ക് പെട്ടെന്നുതന്നെ കേസുകൾ അവസാനിപ്പിക്കുന്നതിനും സാധിക്കുന്നു. തൃശൂരിലും ചാവക്കാടുമെല്ലാം കോടതികളോട് അനുബന്ധിച്ച് മീഡിയേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നവംബർ ഒന്നാം തിയ്യതി കുന്നംകുളം കോടതി കോമ്പൗണ്ടിലെ കെട്ടിടത്തിലും മീഡിയേഷൻ സെന്റർ ആരംഭിക്കുകയാണ്.

നിര്യാതയായി

കൗസല്യ

ഇരിങ്ങാലക്കുട : കോപ്പുള്ളി രാമൻ ഭാര്യ കൗസല്ല്യ (90) നിര്യാതയായി. മക്കൾ : സതീശൻ, ജയൻ. മരുമക്കൾ: ഇന്ദിര, ദീപ

അത്തം പ്രസാദ ഊട്ട്

നടവരമ്പ് : തൃപ്പയ്യ ത്രിമൂർത്തി ക്ഷേത്രത്തിൽ ഇന്ന് 30 ന് അത്തം പ്രസാദ ഊട്ട് നടക്കുന്നു. രാവിലെ 8 മുതൽ ഐരാണിക്കുളം ജയശ്രീ ടീച്ചറും സംഘവും അവതരിപ്പിക്കുന്ന നാരായണീയ പാരായണം ഉച്ച 12 മുതൽ മധുസൂദനൻ പതിയാരിൽ സമർപ്പിക്കുന്ന പ്രസാദ ഊട്ടും നടന്നു.

'സൗഹൃദം പൂത്ത വഴിത്താരകൾ' രണ്ടാം ഭാഗം പ്രകാശനം ചെയ്തു

തൃശൂർ: ഒരുമിച്ചുള്ള കൂട്ടായ്മകളും,യാത്രകളും,സൗഹാർദങ്ങളുമാണ് നമ്മുടെ ജീവിതം കൂടുതൽ മനോഹരമാക്കുന്നതെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

പ്രശസ്ത പത്രപ്രവർത്തകൻ വി.എം.രാധാകൃഷ്ണൻ രചിച്ച സൗഹൃദം പൂത്ത വഴിത്താരകൾ രണ്ടാം ഭാഗം സാഹിത്യ അക്കാദമി ഹാളിൽ വെച്ച് മുൻ ആരോഗ്യവകുപ്പ് മന്ത്രി കെ. കെ.ശൈലജ മുൻ വിദ്യാഭ്യാസ മന്ത്രി സി.കെ. രവീന്ദ്രനാഥിന് പുസ്തകം നൽകി പ്രകാശനം ചെയ്തു.

പുസ്തകത്തിൽ നിന്നുള്ള വരുമാനം പാവപ്പെട്ടവരുടെ ചികിത്സയ്ക്ക് നൽകും. മുൻ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സാഹിത്യ അക്കാദമി പ്രസിഡണ്ട് കെ. സച്ചിദാനന്ദൻ,പി ബാലചന്ദ്രൻ എം.എൽ.എ, അതിരൂപതാ മെത്രാൻ മാർ ടോണി നീലങ്കാവിൽ, സിനിമാതാരം ജയരാജ് വാരിയർ,അക്കാദമി സെക്രട്ടറി സി.പി. അബൂബക്കർ,ഫാദർ വാട്ടർ തേലപ്പിള്ളി, ജോസ് വള്ളൂർ, അഡ്വ:രവികുമാർ ഉപ്പത്ത് എന്നിവർ പ്രസംഗിച്ചു.

മാറ്റിവെച്ചു

തൃശൂർ: ശ്രീ കേരളവർമ്മ കോളേജിൽ ഇന്ന് നടക്കാനിരുന്ന ടി.കെ നന്ദകുമാരൻ അനുസ്മരണവും ശില്പശാലയും ബസ് പണിമുടക്കിനെത്തുടർന്ന് നവംബർ ഒന്നിലേയ്ക്ക് മാറ്റിവെച്ചതായി സംഘാടകർ അറിയിച്ചു.

ഒന്നിന് രാവിലെ പത്തിന് പി.എസ്.എൻ ഹാളിലായിരിക്കും അനുസ്മരണം.

ആൽബം റിലീസ് ചെയ്യുന്നു

തൃശൂർ: പീതാംബരൻ രാരംബത്തിന്റെ 13-മത് മ്യൂസിക് ആൽബം 31.10.2024 ദീപാവലി ദിവസം വൈകീട്ട് മിഷൻ ക്വാർട്ടേഴ്സിലുള്ള ലയൺസ് ഡിസ്ട്രിക്ട് ഓഫീസിൽ വൈകീട്ട് 4 നു ലയൺസ് ഡിസ്ട്രിക്ട് ഗവണർ ലയൺ ജെയിംസ് പോൾ വളപ്പില യു ട്യൂബിൽ റിലീസ് ചെയ്യുന്നു. ലയൺ നേതാക്കൾക്ക് പുറമെ കേരള ബാങ്ക് ആൽബം ശില്പികൾ എന്നിവർ പങ്കെടുക്കുന്നു. പ്രണയകഥ പറയുന്ന ഈ ആൽബത്തിൽ ധനേഷ് ആനന്ദപുരം, ഐശ്വര്യലക്ഷ്മി ഗുരുവായൂർ എന്നിവർ വേഷമിടുന്നു. വൈശാഖ് വട്ടേക്കാട്ട് നിർമിച്ച കണ്ണൻ സംവിധാനം ചെയ്യുന്ന രാഗലോല ഗാനരചന പീതാംബരൻ രാരമ്പത്തും സംഗീതം ശ്രീരാജ് കെ ജെ ഗായകൻ ഗോവിന്ദ് വേലായുധൻ എന്നിവരാണ്.

നിലമ്പൂർ ആനക്കല്ലിൽ ഭൂമിക്കടിയിൽനിന്ന് ഉഗ്രശബ്ദം; ജനം പരിഭ്രാന്തിയിലായി

തൃശൂർ : എടക്കര - ഉപ്പട ആനക്കല്ലിൽ ഭൂമിക്കടിയിൽനിന്ന് മുഴക്കം കേട്ടതിനെത്തുടർന്ന് ജനങ്ങൾ പരിഭ്രാന്തിയിലായി. ഇന്നലെ രാത്രിയോടെയാണ് ഒരു കിലോമീറ്റർ ചുറ്റളവിൽ വൻ ശബ്ദമുണ്ടായത്.

രണ്ട് കിലോമീറ്റർ ദൂരത്തിൽ വരെ അനുഭവപ്പെട്ടു. ചില വീടുകൾക്കുള്ളിൽ നേരിയ വിള്ളലും രൂപപ്പെട്ടു. പോത്തുകല്ല് ഗ്രാമപഞ്ചായത്ത് അംഗങ്ങളും പൊലീസും വില്ലേജ് ഓഫിസർ അടക്കമുള്ളവരും സ്ഥലത്തെത്തി സംഭവത്തെത്തുടർന്ന് പ്രദേശത്തിന്റെ മാപ്പ് ജിയോളജി അധികൃതർക്ക് അയച്ചുകൊടുത്തിരുന്നു.

എന്നാൽ, ഭൂകമ്പ സാധ്യതയില്ലെന്നും ഭൂമിക്കടിയിലെ പാറകൾ തമ്മിൽ കൂട്ടിയിടിക്കുന്ന പ്രതിഭാസമാണ് കേട്ടതെന്നുമാണ് അധികൃതർ അറിയിച്ചത്. കുഴൽ കിണറുകൾ കൂടുതലായി നിർമിച്ച പ്രദേശമാണ് ആനക്കല്ല്.

ഇതിന്റെ തുടർപ്രതിഭാസമാണ് ഭൂമിക്കടിയിൽ നിന്നുള്ള ശബ്ദമെന്നാണ് ജിയോളജി അധികൃതർ പറയുന്നത്. മുൻപും മൂന്ന് തവണ ഈ മേഖലയിൽ ഭൂമിക്കടിയിൽ നിന്ന് വൻ ശബ്ദമുണ്ടായിരുന്നു.

പടക്കങ്ങൾ പൊട്ടിക്കുന്നതിന് നിയന്ത്രണം

തൃശൂർ : അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ദീപാവലി ആഘോഷങ്ങളിൽ നിശബ്ദ മേഖലകളായ ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, തുടങ്ങിയവയുടെ 100 മീറ്റർ ചുറ്റളവിനുള്ളിൽ ശബ്ദമുണ്ടാക്കുന്ന പടക്കങ്ങൾ പൊട്ടിക്കാൻ പാടില്ലെന്ന ഉത്തരവ് ഗവൺമെന്റ് പുറത്തിറക്കി. സുപ്രീം കോടതി ഉത്തരവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശവും കണക്കിലെടുത്ത് ഹരിതപടക്കങ്ങൾ മാത്രമേ സംസ്ഥാനത്ത് വിൽക്കാനും ഉപയോഗിക്കാനും പാടുള്ളൂ എന്ന് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നിർദേശത്തെ തുടർന്നാണ് നടപടി.

ദീപാവലി അഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി 8 മുതൽ 10 വരെയും ക്രിസ്തുമസ്,

പുതുവത്സര ആഘോഷങ്ങളിൽ രാത്രി 11.55 മുതൽ പുലർച്ചെ 12.30 വരെയുമാക്കി നിയന്ത്രിച്ച് സംസ്ഥാന സർക്കാർ മുൻപ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശത്തിന്റെയും അടിസ്ഥാനത്തിലാണ് ഉത്തരവ്.

അമല ആയുർവേദാശുപത്രിയിൽ ദേശീയ ആയുർവേദ ദിനാചരണം

തൃശൂർ: ഈ വർഷത്തെ ദേശീയ ആയുർവേദ ദിനാചരണം അമല ആയുർവേദാശുപത്രിയിൽ സമുചിതമായി ആചരിച്ചു. അമല ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ജൂലിയസ് അറക്കൽ സി എം ഐ അദ്ധ്യക്ഷനായ ചടങ്ങിൽ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റും, കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപറേഷൻ മാനേജിങ് ഡയക്ടറുമായ ജോർജി പി. മാത്തച്ചൻ ഐ എഫ് എസ് മുഖ്യാതിഥിയായി. ആയുർവേദ വൈദ്യശാഖയുടെ ഗുണഫലങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കാൻ വിവിധ സംഭാവനകൾ നൽകിയ അമല ആയുർവേദാശുപത്രി കൺസൾറ്റൻറ് ഫിസിഷ്യൻ സി. ഡോ. ഓസ്റ്റിനെ 'ആയുർവേദ വൈദ്യ പ്രചാരക' എന്ന അവാർഡ് നൽകി ആദരിച്ചു. 'ആയുർസ്പർശം' എന്ന വിവിധ സൗന്ദര്യചികിത്സാവിധികളുടെ അവതരണവും നടന്നു. ചടങ്ങിൽ ഫാ. ഷിബു പുത്തൻപുരക്കൽ സി എം ഐ, സി. ഡോ. ഓസ്റ്റിൻ, ഡോ. മനു എം. ഡേവിഡ്, സി. ലൂസിന സി എസ് സി, ഡോ. രോഹിത് കെ. എന്നിവർ പ്രസംഗിച്ചു.

നിപ്മറിൽ ബാച്ചിലർ ഇൻ പ്രോസ്തറ്റിക്സ് & ഓർത്തോറ്റിക്സ് ബിരുദ കോഴ്സ്

ഇരിങ്ങാലക്കുട (തൃശൂർ): കേരളത്തിൽ ആദ്യമായി സാമൂഹ്യനീതി വകുപ്പിന് കീഴിലെ സ്വയംഭരണ സ്ഥാപനമായ നിപ്മറിൽ നാലര വർഷത്തെ ബാച്ചിലർ ഇൻ പ്രോസ്തറ്റിക്സ് ആൻഡ് ഓർത്തോറ്റിക്സ് (ബിപിഒ) ബിരുദ കോഴ്സ് ആരംഭിക്കുന്നു.

കൃത്രിമ കൈകാലുകൾ, വീൽചെയറുകൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവർക്കായുള്ള സഹായക ഉപകരണങ്ങളുടെ നിർമ്മാണം, അവയുടെ ആവശ്യകതാ നിർണ്ണയം, ഗുണമേന്മാ നിർണ്ണയം എന്നിവയിലുള്ള പ്രൊഫഷണൽ കോഴ്സാണിത്. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (ആർസിഐ) അംഗീകരമുള്ള ഈ കോഴ്സിന്റെ അക്കാദമിക്ക് നിയന്ത്രണം കേരളാ ആരോഗ്യ സർവകലാശാലക്കാണ്.

മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ആർട്ടിഫിഷ്യൽ ലിമ്പ് സെന്ററുകൾ എന്നിവയിൽ മികച്ച തൊഴിൽ സാധ്യതയുള്ള പ്രൊഫഷണൽ ബിരുദമാണ് ബിപിഒ. കൂടാതെ വിദേശത്തും മികച്ച തൊഴിൽ സാധ്യതയുണ്ട്. ദേശീയ തലത്തിൽ RCI അംഗീകരമുള്ള 600 ബിരുധാരികൾ മാത്രമേയുള്ളൂ. കേരളത്തിൽ ഈ ബിരുദമുള്ളവരുടെ എണ്ണം 60 ന് താഴെയാണ്.

അഡ്മിഷൻ നടപടികൾ ഉടൻ ആരംഭിക്കും. സംസ്ഥാന സർക്കാർ ഏജൻസിയായ എൽബിഎസിനാണ് അഡ്മിഷൻ ചുമതല.

ഒരു ബാച്ചിൽ 20 കുട്ടികൾ മാത്രം. പ്ലസ് ടു തലത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾ പഠിച്ചവർക്കും എൽബിഎസ് വഴി പാരാമെഡിക്കൽ കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്നതിനുമായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്കുമാണ് ഓപ്ഷൻ സമർപ്പിക്കാൻ അർഹതയുള്ളത്. മെറിറ്റ് അടിസ്ഥാനത്തിൽ എൽബിഎസ് തയാർക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ് അഡ്മിഷൻ നൽകുന്നത്.

പ്രതിഷേധ സമരം നടത്തി

വാടാനപ്പള്ളി: തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പഞ്ചായത്ത് വാഹനം ദുരുപയോഗം ചെയ്ത വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ നടപടിക്കെതിരെ മുസ്ലിം യൂത്ത് ലീഗ് പഞ്ചായത്ത് കമ്മറ്റി പ്രതിഷേധ സമരം നടത്തി.

ആളൂക്കാരൻ പരിസരത്ത് നിന്ന് പ്രകടനമായെത്തിയായിരുന്നു സമരം. ജില്ല പ്രസിഡണ്ട് എ എം സനൗഫൽ ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് വാഹനം തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് ദുരുപയോഗിച്ചത് ചട്ട ലംഘനവും അഴിമതിയുമാണെന്ന് സനൗഫൽ പറഞ്ഞു. പൊതുമുതൽ ദുരുപയോഗം ചെയ്ത പഞ്ചായത്ത് പ്രസിഡണ്ടിനെതിരെ യൂത്ത് ലീഗ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി. യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡണ്ട് എ വൈ ഹർഷാദ് അധ്യക്ഷത വഹിച്ചു.

മുസ്ലിം ലീഗ് നിയോജക മണ്ഡലം പ്രസിഡണ്ട്പി എം ഷെരീഫ്, മണ്ഡലം യൂത്ത് ലീഗ് ജനറൽ സെക്രട്ടറി വി എം മുഹമ്മദ് സമാൻ, ലീഗ് പഞ്ചായത്ത്പ്രസിഡണ്ട്പി കെ അഹമ്മദ്, ജനറൽ സെക്രട്ടറി എ എ ഷജീർ, രജനി കൃഷ്ണാനന്ദ്, രേഖ അശോകൻ, താഹിറ സാദിക്ക്, എ സി അബ്ദു റഹ്മാൻ, വി എ നിസാർ, എ എം നിയാസ്, എ എം ഷാജു, ആർ എച്ച് ഹാഷിം, എ എസ് മനാഫ്, എ എ ഷംനാസ്, വി കെ മുഹമ്മദ് എം എച്ച് ഖാലിദ്, ഹിഷാം എന്നിവർ നേതൃത്വം നൽകി.

ഇരിങ്ങാലക്കുട സ്വദേശിനി സന ജിനേഷ് ബാസ്ക്കറ്റ് ബോൾ ഇന്ത്യൻ ടീമിൽ

ഇരിങ്ങാലക്കുട : ഭോപ്പാലിലെ ബില്ലബോങ് ഇന്റർനാഷണൽ സ്കൂളിൽ നടന്ന സി ഐ എസ് സി ഇ സ്കൂളുകളുടെ ദേശീയ ബാസ്ക്കറ്റ് ബോൾ ടൂർണമെന്റിൽ തുടർച്ചയായി രണ്ടാം വർഷവും കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത 14 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ മത്സരത്തിൽ നിന്നും ഇന്ത്യൻ ടീമിലേക്ക് (CISCE) ഇരിങ്ങാലക്കുട സ്വദേശിനി സന ജിനേഷ് തെരഞ്ഞെടുക്കപ്പെട്ടു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതനിലെ ഏഴാം ക്ലാസ്സ് വിദ്യാർഥിനിയായ സന ജിനേഷിന് സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (SGFI) നടത്തുന്ന ദേശീയ സ്കൂൾ ഗെയിംസിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്.കൈതക്കാട്ട് വീട്ടിൽ ജിനേഷിന്റെയും മിനുവിന്റെയും മകളാണ് സന ജിനേഷ്. വി പി ഷിന്റോയാണ് പരിശീലകൻ.

ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണം നവംബർ 5ന്

തൃശൂർ: കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റും സാഹിത്യനിരൂപകനും എഴുത്തുകാരനുമായിരുന്ന ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണം നവംബർ അഞ്ചിന് വൈകീട്ട് അഞ്ചു മണിക്ക് അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടക്കും. അക്കാദമി പ്രസിഡന്റ് കെ. സച്ചിദാനന്ദന്റെ അധ്യക്ഷതയിൽ ചേരുന്ന അനുസ്മരണയോഗത്തിൽ എഴുത്തുകാരും സാമൂഹ്യ-സാംസ്കാരിക- രാഷ്ട്രീയ രംഗത്തെ പ്രശസ്തരും പങ്കെടുക്കും. ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണ സമിതിയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്തു

പുതുക്കാട്: പ്രജ്യോതി നികേതൻ കോളേജ് യൂണിയൻ ഉദ്ഘാടനം കേന്ദ്ര മന്ത്രി സുരേഷ്ഗോപി നിർവ്വഹിച്ചു.

എൻ ജി ഒ യൂണിയൻ പുതിയ ഭാരവാഹികൾ

തൃശൂർ:വനിതാ സാഹിതി ജില്ലാ സമ്മേളനം എഴുത്തുകാരിയും കേരള നോളേജ് ഇക്കണോമി മിഷൻ ഡയറക്ടറുമായ ഡോ. പി. എസ്.ശ്രീകല ഉദ്ഘാടനം ചെയ്തു. എൻ ജി ഒ യൂണിയൻ ഹാളിൽ നടന്ന സമ്മേളനത്തിൽ ജില്ല പ്രസിഡണ്ട് ഡോ.പി. കെ. കുശലകുമാരി അദ്ധ്യക്ഷത വഹിച്ചു.പുതിയ ഭാരവാഹികളായി കെ.പി.സലീന (പ്രസിഡണ്ട്) ഡോ.കെ.ആർ. ബീന (സെക്രട്ടറി) അഡ്വ.ജൂബിലി (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു

കെ.പി. സലീന ഡോ. കെ. ആർ. ബീന

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 211/2024

അനുപ്രിയ കെ പി, 19 വയസ്, D/o. പ്രമോദ് കെ എ, കാട്ടിശ്ശേരി ഹൗസ്, പുന്നയൂർ പി ഒ., പിൻ-680562, പുന്നയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല

-ഹരജിക്കാരി

ജിബിൻ പി എം., 23 വയസ്, S/o. മോഹനൻ പി എ., പള്ളിക്കര ഹൗസ്, കല്ലൂർ-വടക്കേക്കാട് പി ഒ., പിൻ-679562, വൈലത്തൂർ വില്ലേജ്, ചാവക്കാട്, തൃശൂർ ജില്ല

- എതൃകക്ഷി

പത്രപരസ്യം

ഹരജിക്കാരിയുടെയും എതിർകക്ഷിയുടെയും വിവാഹബന്ധം ഒരു വിധി മൂലം (decree of Divorce) വേർപ്പെടുത്തി ലഭിക്കുന്നതിന് ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ ഉത്തരവായി **27-11-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. എതൃകക്ഷിക്ക് മേൽ നമ്പർ കേസിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം ബഹു കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം എതൃകക്ഷിയെ എക്സ്പാർട്ടിയാക്കി കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-10-2024

ഹരജിഭാഗം അഡ്വക്കേറ്റ്

അഭിലാഷ് എ ജെ (ഒപ്പ്)

NOTIFICATION

I, **SREEJIL K M,** S/o. Mohanan K N, Kappliyanghat (H), Edakkara P O, Thrissur Dt, PIN 680518 hereby inviting to the notice of the Public that my B.Com Marklist of Final Year Supplementary Exams of April 2015 and September 2013 with Reg. Nos: VCAKBP0332 of University of Calicut has been irrecoverably lost during a travel and as such I intend to apply for the duplicate of B.Com Marklist of Final Year Supplementary Exams. If anybody happens to get the original may kindly send the same or intimate the undersigned of the University.

Certified that the aforesaid facts are absolutely true.

(Sd/-)

SREEJIL K M

Place : Edakkara

Date : 30-10-2024

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട ഫാമിലി കോടതി മുമ്പാകെ

OP: 1327/2023

മുകുന്ദപുരം താലൂക്ക് ആമ്പല്ലൂർ വില്ലേജ് വെണ്ടൂർ ചുങ്കം ദേശത്ത് പടമാടൻ മനോജ് ഭാര്യ രാജി മനോജ്

- ഹരജിക്കാരി

മുകുന്ദപുരം താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, വെണ്ടൂർ ദേശത്ത് പടമാടൻ വീട്ടിൽ ബാബു മകൻ മനോജ്

-എതൃകക്ഷി

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **18-12-2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ടി കേസിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുമെ